LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഏതെല്ലാം വിഭാഗത്തിൽ ഒ.പി. ഉണ്ടെന്നും ഒരു ദിവസം എത്ര ഒ.പി. ടിക്കറ്റുകൾ നൽകുന്നുവെന്നും വ്യക്തമാക്കാമോ?

എല്ലാ വിഭാഗത്തിലും ഒ.പി. പ്രവർത്തിക്കുന്നുണ്ട്. ഒരു ദിവസം ശരാശരി 900 ഒ.പി. ടിക്കറ്റുകൾ നൽകുന്നുണ്ട്.

(എഫ്) ഈ ആശുപത്രിയിൽ ഓരോ വിഭാഗത്തിലും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ എത്രയുണ്ടെന്ന് അവരുടെ തസ്തിക അടക്കം വിശദാശം നൽകാമോ; ഈ ജീവനക്കാർ എത്രകാലമായി തസ്തികയിൽ തുടരുന്നുണ്ടെന്നും എത്രകാലത്തേക്കാണ് താല്ക്കാലിക ജീവനക്കാരെ നിയമിക്കാറുള്ളതെന്നും വ്യക്തമാക്കാമോ?

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഴിയും KASP/RSBY വഴിയും എൻ.എച്ച്.എം. മുഖേനയും ജോലിചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.* താല്ക്കാലിക ജീവനക്കാരെ 179 ദിവസ കാലയളവിലേയ്ക്കും കരാറടിസ്ഥാനത്തിൽ നിയമിക്കുന്നവരെ കരാർപ്രകാരമുള്ള കാലയളവിലേയ്ക്കുമാണ് നിയമിക്കുന്നത്.

എച്ച്.ഐ.വി. രോഗികൾക്കുള്ള മരുന്ന്

170 (1535) ശ്രീമതി കെ. കെ. രമ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജക മണ്ഡലത്തിൽനിന്നുള്ള എച്ച്.ഐ.വി. രോഗികൾക്ക് മരുന്നിനായി അറുപത് കിലോമീറ്ററോളം അകലെയുള്ള കോഴിക്കോട് മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) നിലവിലെ കോവിഡ് സാഹചര്യത്തിൽ മരുന്നിനായി മാത്രം ദീർഘദൂരം സഞ്ചരിക്കുന്നത് താരതമ്യേന പ്രതിരോധശേഷി കുറഞ്ഞ എച്ച്.ഐ.വി. രോഗികളുടെ കാര്യത്തിൽ അപകടകരമാണെന്ന് കരുതുന്നുണ്ടോയെന്ന് വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിലെ എച്ച്.ഐ.വി. അണുബാധിതർക്കുള്ള ചികിത്സാ കേന്ദ്രം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആണ്. എച്ച്.ഐ.വി. അണുബാധിതർക്ക് എ.ആർ.ടി. ചികിത്സ എടുക്കുന്നതിന് കേരളത്തിലെ 10 എ.ആർ.ടി. കേന്ദ്രങ്ങൾ യഥേഷ്ടം തെരഞ്ഞെടുത്ത് ചികിത്സ എടുക്കാവുന്നതാണ്. കോഴിക്കോട് ജില്ലയിലെയും സമീപ പ്രദേശങ്ങൾ/

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിലുമുള്ള എച്ച്.ഐ.വി. അണുബാധിതർ കോഴിക്കോട് മെഡിക്കൽ കോളേജിലെ എ.ആർ.ടി. കേന്ദ്രത്തിൽ നിന്നും എ.ആർ.ടി. ചികിത്സയും, അനുബന്ധ സേവനങ്ങളും സ്വീകരിച്ചുവരുന്നുണ്ട്. കോവിഡ് സാഹചര്യത്തിൽ പൂർണ്ണ ലോക്ക്ഡൗൺ കാലയളവിൽ അണുബാധിതരുടെ ആവശ്യപ്രകാരം എ.ആർ.ടി. മരുന്നുകൾ എച്ച്.ഐ.വി. അണുബാധിതരുടെ സേവന കേന്ദ്രങ്ങളായ വിഹാൻ/ജില്ലാ പോസിറ്റീവ് നെറ്റ് വർക്ക്, പോലീസ്, ഫയർ ഫോഴ്സ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ മറ്റ് സേവന കേന്ദ്രങ്ങളിലെ സ്റ്റാഫുകൾ മുഖേന അണുബാധിതരുടെ വീടുകളിലും അടുത്ത ആരോഗ്യ കേന്ദ്രങ്ങളിലും രഹസ്യാത്മകത പുലർത്തിക്കൊണ്ട് മുടക്കമില്ലാതെ എത്തിച്ചു നൽകിയിരുന്നു. ആയതിനാൽ എച്ച്.ഐ.വി. അണുബാധിതർക്ക് ചികിത്സയ്ക്കായി ദീർഘദൂരം സഞ്ചരിക്കേണ്ട സാഹചര്യം ഒഴിവാക്കാൻ സാധിച്ചിരുന്നു. മൂന്നാംഘട്ട എ.ആർ.ടി. ചികിത്സ എടുക്കുന്ന എച്ച്.ഐ.വി. അണുബാധിതർക്കുള്ള എ.ആർ.ടി. മരുന്നുകൾ ചെന്നൈയിലെ സെന്റർ ഓഫ് എക്സലൻസായി പ്രവർത്തിക്കുന്ന ജി.എച്ച്.റ്റി.എം. താമ്പരം ആശുപത്രിയിൽ നിന്നും സൗജന്യമായി എത്തിച്ചുവരുന്നുണ്ട്. കൂടാതെ കേരളത്തിൽ നിലവിലുള്ള എ.ആർ.ടി. പ്ലസ് കേന്ദ്രങ്ങളിൽ (കോഴിക്കോട്, തൃശ്ശൂർ, തിരുവനന്തപുരം) മൂന്നാംഘട്ട ചികിത്സ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) എങ്കിൽ ഇത്തരക്കാർക്കായി വടകര ജില്ലാ ആശുപത്രിയിൽ തന്നെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പുതുതായി എ.ആർ.ടി. കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകുന്നത് നാഷണൽ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ്. വടകര താലൂക്കിലെ ആശുപത്രിയിൽ എ.ആർ.ടി. കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നാഷണൽ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷന് സമർപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ ആരോഗ്യ വകുപ്പ് പ്രവൃത്തികൾ

171 (1536) ശ്രീ. ജോബ് മൈക്കിൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പി.എച്ച്.സി., മാടപ്പള്ളിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും രണ്ടാംഘട്ടത്തിൽ പി.എച്ച്.സി., പായിപ്പാട്, പി.എച്ച്.സി., തൃക്കൊടിത്താനം